പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4401 22.7.2015 ൽ മറുപടിയ്ക്ക്

## കനോലി കനാൽ ടൂറിസം സർക്ക്യൂട്ട്

**ചോദ്യം**
ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി

**മറുപടി**
ശ്രീ.ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| | |
|---|---|
| എ) മലപ്പുറത്ത് നടന്ന ജനസമ്പർക്ക പരിപാടിയിൽ ഏതൊക്കെ പദ്ധതികളാണ് മുഖ്യമന്ത്രി പ്രഖ്യാപിച്ചതെന്ന് വ്യക്തമാക്കാമോ; | എ) മലപ്പുറത്ത് നടന്ന ജനസമ്പർക്ക പരിപാടിയിൽ 17 പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) പ്രസ്തുത പരിപാടിയിൽ പ്രഖ്യാപിച്ച കനോലി കനാൽ ടൂറിസം സർക്ക്യൂട്ട് യാഥാർത്ഥ്യമാക്കാൻ ഇറിഗേഷനും ടൂറിസവും വകുപ്പുകളുടെ നേതൃത്വത്തിൽ എന്തെല്ലാം നടപടികളാണ് കൈകൊള്ളുന്നതെന്ന് വിശദമാക്കാമോ ;<br><br>സി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തികരിക്കാൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ? | (ബി+സി ) കനോലി കനാൽ ടൂറിസം സർക്ക്യൂട്ട് സംബന്ധിച്ച പ്രാഥമിക റിപ്പോർട്ട് ജില്ലാ കളക്ടർക്ക് ലഭിച്ചിട്ടുണ്ടെങ്കിലും നിലവിൽ ജലസേചന വകുപ്പ് കനോലി കനാലിൽ നടപ്പാക്കി വരുന്ന പ്രവർത്തനങ്ങൾ പൂർത്തിയായതിനു ശേഷം മാത്രമേ ടൂറിസം സർക്യൂട്ടായി മാറ്റുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കാൻ സാധിക്കുകയുള്ളൂ. റിപ്പോർട്ടുകളുടെ അംഗീകാരത്തിനും തുകയുടെ ലഭ്യതയ്ക്കുമനുസരിച്ച് പദ്ധതി നടപ്പിലാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

1. അരീക്കോട് ഐടി പാർക്ക്.
2. കാൻസർ ഹോസ്പിറ്റൽ & ഡീ-അഡിക്ഷൻ സെന്റർ.
3. കോട്ടക്കൽ ആയുർവ്വേദ ഇന്നവേറ്റീവ് യൂണിവേഴ്സിറ്റി (MHRD).
4. മലപ്പുറത്തുള്ള കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷൻ വികസനം.
5. മലപ്പുറത്ത് ചരിത്ര മ്യൂസിയം.
6. കൊടികുത്തിമല ടൂറിസം വികസനം
7. 200 കോടി രൂപയുടെ കോട്ടക്കുന്ന് മാസ്റ്റർ പ്ലാൻ.
8. 5 കോടി ചെലവിൽ വണ്ടൂരിൽ സയൻസ് പാർക്ക്.
9. താനൂർ കേന്ദ്രീകരിച്ച് കനോലി കനാൽ ടൂറിസം സർക്യൂട്ടായി വികസിപ്പിക്കും (12 കോടി രൂപ ഉപയോഗിച്ചു കൊണ്ട്)
10. 12 കോടി ചെലവിൽ കടലുണ്ടിപ്പുഴയിൽ വാക്കിക്കയം റഗുലേറ്റർ നിർമ്മാണം.
11. 18 കോടി ചെലവിൽ പൊന്നാനിയിലെ കടൽഭിത്തി നിർമ്മാണം (10 കി.മീ.)
12. വല്ലാർപാടം- കോഴിക്കോട് തീരദേശ ഹൈവേ പൂർത്തീകരണം.
13. 49 കോടി ചെലവിൽ തിരുന്നാവായ പാലം.
14. നിലമ്പൂർ ബൈപാസ് നിർമ്മാണം
15. പൊന്നാനി തുറമുഖ നിർമ്മാണം.
16. പുഴ മുതൽ പുഴ വരെ പദ്ധതി.
17. നിലമ്പൂർ-നഞ്ചൻകോട് റെയിൽവെ ലൈൻ.

സെക്ഷൻ ഓഫീസർ